"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - സർക്കാരിന്റെ അച്ചടി ജോലികൾ - സർക്കാർ പ്രസ്സുകളോടൊപ്പം കേരള ബുക്ക്സ് ആന്റ് പബ്ളിക്കേഷൻസ് സൊസൈറ്റിയെ കൂടി ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്

സ.ഉ.(സാധാ) നം.49/2026/PPAD തീയതി,തിരുവനന്തപുരം, 13-03-2026

പരാമർശം:- കേരള ബുക്ക്സ് & പബ്ലിക്കേഷൻസിന്റെ മാനേജിംഗ് ഡയറക്ടറുടെ 08.01.2025 തീയതിയിലെ PL - KBPD/2025/66 നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കാവശ്യമായ 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്കുള്ള എല്ലാ പാഠപുസ്തകങ്ങളുടേയും, ഭാഗ്യക്കുറി വകുപ്പിനാവശ്യമായ ലോട്ടറി ടിക്കറ്റുകളുടെയും മറ്റ് സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളുടേയും അച്ചടി ജോലികൾ ചെയ്തുവരുന്ന കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയെ സർക്കാർ പ്രസ്സുകളോടൊപ്പം സർക്കാരിന്റെ എല്ലാവിധ അച്ചടിജോലികൾ നിർവ്വഹിക്കുന്നതിനും ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിംഗ് ഡയറക്ടർ സൂചന (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എല്ലാ സർക്കാർ വകുപ്പുകളുടെയും സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, യൂണിവേഴ്സിറ്റികൾ, ബോർഡുകൾ തുടങ്ങിയവയുടെയും അച്ചടിജോലികൾ നിർവ്വഹിക്കുന്നതിനായി സർക്കാർ പ്രസ്സുകളോടൊപ്പം കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി യെ കൂടി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട് ,

കൊച്ചി.

2. ഡയറക്ടർ, അച്ചടിവകുപ്പ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്I/II) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
5. ധനകാര്യവകുപ്പ് (E:2871633/EDN-B3/122/2024-FIN Dated:- 01/01/2026)
6. ഇൻഫർമേഷൻ ഓഫീസർ, വെബ്& ന്യൂമീഡിയ
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Seetha K M
Date: 13-03-2026 17:07:57

സെക്ഷൻ ഓഫീസർ